# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യ നമ്പർ 39 | | 08.08.2017 - ൽ മറുപടിക്ക് | |
|---|---|---|---|
| **ജി.എസ്.റ്റി. നടപ്പിലാക്കിയ ശേഷം ഉല്പന്നങ്ങളുടെ വിലനിലവാരം** | | | |
| | ചോദ്യം | | മറുപടി |
| | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. വി.എസ്. ശിവകുമാർ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എ.പി. അനിൽകുമാർ | | ഡോ. ടി.എം തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പു മന്ത്രി) |
| (എ) | ജി.എസ്.ടി. നടപ്പിലാക്കുന്നതിൽ മുന്നൊരുക്കം ഇല്ലാതിരുന്നതാണ് പ്രസ്തുത നികുതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൽ പാളിച്ച ഉണ്ടാകാൻ കാരണമായതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ) | ജി.എസ്.ടി. നിയമവുമായി ബന്ധപ്പെട്ട ചട്ടങ്ങളും അതിന്റെ സോഫ്റ്റുവെയറുമായി ബന്ധപ്പെട്ട കാര്യങ്ങളും നോട്ടിഫിക്കേഷനുകളും പുറപ്പെടുവിക്കാനുണ്ടായ കാലവിളമ്പം തുടക്കഘട്ടത്തിൽ ചില അവ്യക്തതകൾക്കു കാരണമായി. സി.ബി.ഇ.സി. ബന്ധപ്പെട്ട വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചതിന് ശേഷം മാത്രമേ സംസ്ഥാനത്തിന് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ ആകുമായിരുന്നുള്ളൂ. ജി.എസ്.ടി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അഖിലേന്ത്യാ അടിസ്ഥാനത്തിലുണ്ടായിട്ടുള്ള അവ്യക്തതകളുടെ പ്രതിഫലനമേ കേരളത്തിലുണ്ടായിട്ടുള്ളൂ. കേരളം തനതായി ചെയ്യേണ്ട മുന്നൊരുക്കങ്ങൾ യഥാവസരം നടത്തിയാണ് മുന്നോട്ടുപോകുന്നത്. മോഡൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്കും വ്യാപാരികൾക്കും സംസ്ഥാന സർക്കാർ പരിശീലനം നൽകിയിരുന്നു. ആയതിനാൽ തയ്യാറെടുപ്പിൽ സംസ്ഥാനതലത്തിൽ വീഴ്ച ഉണ്ടായിട്ടില്ല. ജി.എസ്.ടി.എൻ-ന്റെ ഓൺലൈൻ പ്രവർത്തനം പൂർണ്ണമായും നടപ്പിൽ വന്നിട്ടില്ലാത്തതിനാൽ അതുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ നിലവിലുണ്ട്. |
| (ബി) | ചരക്ക് സേവന നികുതിയിലെ ആശയക്കുഴപ്പം ചരക്ക് നീക്കത്തെ ബാധിച്ച് സംസ്ഥാനത്ത് അവശ്യമരുന്നുകളുടെ ക്ഷാമവും ഭക്ഷ്യ വസ്തുക്കളുടെ വില വർദ്ധനവും ഉണ്ടാക്കിയിട്ടുണ്ടോ; | (ബി) | ജി.എസ്.ടി നടപ്പാക്കിയിട്ടുള്ള എല്ലാ രാജ്യങ്ങളിലും വിലക്കയറ്റം പ്രകടമായിട്ടുണ്ട്. വിവിധ നികുതികൾ ചേരുന്ന ആകെ നികുതി ഭാരം ചരക്കുസേവന നികുതി സമ്പ്രദായത്തിൽ കുറയുമെങ്കിലും ഇത്തരത്തിൽ കുറവു വരുന്ന നികുതിയുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറാതെ കൈയടക്കുന്നതിനുള്ള വൻകിട കമ്പനികളുടെയും വിതരണക്കാരുടെയും ത്വരയാണ് ഇത്തരത്തിലുള്ള വിലക്കയറ്റത്തിന് കാരണമാകുന്നത്. ഈ വസ്തുത കേരളം ജി.എസ്.ടി കൗൺസിലിൽ ആവർത്തിച്ച് ചൂണ്ടിക്കാണിക്കുകയും ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിക്കു വേണ്ടി ഉറച്ച നില |

| | | | |
|---|---|---|---|
| | | | പാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നികുതി നിരക്കുകൾ നിർണ്ണയിക്കുന്ന ഘട്ടത്തിൽ കൗൺസിലിൽ കേരളം ചൂണ്ടിക്കാണിച്ച ഈ ആശങ്ക യാഥാർത്ഥ്യമാകുന്നതാണ് നാം കാണുന്നത്. ഓരോ ചരക്കിന്റെയും നിലവിലുള്ള നികുതിഭാരവും ജി.എസ്.ടി വരുമ്പോഴുണ്ടാകുന്ന കുറവും കണക്കാക്കി അത് പ്രസിദ്ധപ്പെടുത്തണമെന്നും ഓരോ ചരക്കിന്റെയും ടാക്സ് ഇൻസിഡൻസ് കാണിക്കുന്ന മാട്രിക്സ് സംസ്ഥാനങ്ങൾക്ക് കൈമാറണമെന്നും ജി.എസ്.ടി കൗൺസിലിൽ കേരളം നിരന്തരം ആവശ്യപ്പെട്ടു പോന്നതാണ്. ഇത് ലഭിക്കാതിരുന്നിട്ടും 100 ഉൽപന്നങ്ങളുടെ നികുതിയിൽ ഉണ്ടാകുന്ന കുറവ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.<br>കേന്ദ്രതലത്തിൽ ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിയും സംസ്ഥാനതലത്തിലെ സമിതികളും യഥാസമയം രൂപീകരിക്കണമെന്നും സംസ്ഥാന സർക്കാർ നിലപാട് സ്വീകരിച്ചു. ജി.എസ്.ടി നടപ്പാക്കിയതിലൂടെ വളരെയധികം ചരക്കുകളുടെ നികുതി നിരക്ക് കുറഞ്ഞിട്ടുണ്ടെങ്കിലും നികുതിക്കുറവിന്റെ ആനുകൂല്യം ലഭിച്ച പല ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ പ്രോഡക്ട്സും വില കുറയ്ക്കാതെ അമിതലാഭം കൈയടക്കുന്ന പ്രവണത വിപണിയിൽ ദൃശ്യമാണ്. 2017 ജൂൺ 30 ന് വിൽപ്പനക്കാരുടെ കൈയിൽ സ്റ്റോക്ക് ഉണ്ടായിരുന്ന ചരക്കുകൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കിട്ടുന്നതു സംബന്ധിച്ച ആശയക്കുഴപ്പവും വിപണയിൽ പ്രതിഫലിച്ചു.<br>സംസ്ഥാനത്തിനകത്തും ഇതിന്റെ അനുകരണനങ്ങൾ ഉണ്ടായിട്ടുണ്ട്. നികുതി പൂർണ്ണമായും ഇല്ലാതാകുന്ന കോഴിക്ക് വില കയറുന്ന സ്ഥിതിവന്നു. വൻകിട കോഴി ഏജന്റുമാർ കാർട്ടൽ പോലെ പ്രവർത്തിച്ച് നികുതിയിൽ ഉണ്ടായ ഇളവ് ഉപഭോക്താക്കൾക്ക് കൈമാറാതെ കൈയടക്കുന്നതിനുള്ള നീക്കത്തിന്റെ ഫലമായിരുന്നു ഇത്. ഇതിനെതിരെ സംസ്ഥാന സർക്കാർ ഉറച്ച നിലപാട് സ്വീകരിച്ചു. അനിയന്ത്രിതമായി വില കയറുന്നതിനുള്ള പ്രവണതയെ ഒരു പരിധി വരെ കടിഞ്ഞാൺ ഇടാൻ ഇതു മൂലം കഴിഞ്ഞു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നികുതി നിരക്കിൽ വന്ന ഇളവുകൾ ഉടനടി തന്നെ പ്രാബല്യത്തിൽ വരുത്തുകയും കോർപ്പറേഷൻ വഴി വിൽക്കുന്ന ചരക്കുകൾക്ക് വിലക്കുറവ് പ്രഖ്യാപിക്കുകയും ചെയ്തു. ജി.എസ്.ടി.യുടെ പ്രാരംഭ ഘട്ടത്തിൽ ചില അവ്യക്തതകൾ വ്യാപാരി സമൂഹത്തിന് ഉണ്ടായിട്ടുണ്ട്. ഇത് പരിഹരി |

ക്കാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. ഈ പരാതികൾ പരിഹരിക്കുതിനായി വ്യാപാരി വ്യവസായികളുടെ സംഘടനകളെ വിളിക്കുകയും ജി.എസ്.ടി.യിലൂടെ ലഭിക്കുന്ന നികുതി നിരക്കിന്റെ കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും ഉപഭോക്താക്കൾക്ക് കൈമാറണമെന്നോ ആവശ്യപ്പെടുകയും ചെയ്തു.

നികുതി നിരക്കുകൾ അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള ആകെമുൻ നികുതി ഭാരത്തിന്റെ ശരാശരിയുടെ കണക്കിലാണ് നിർണ്ണയിച്ചിരിക്കുന്നത്. ഇത് സംസ്ഥാനത്തെ സവിശേഷമായ ചില മേഖലകളെ ദോഷകരമായി ബാധിച്ചു. ഹോട്ടലുകൾ ബഹുഭൂരിപക്ഷവും അരശതമാനം കോമ്പൗണ്ടട് നികുതി മാത്രമാണ് ഒടുക്കിയിരുന്നത്. ഇത് ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കാനും കഴിയുമായിരുന്നില്ല. ഹോട്ടലുകൾക്കുള്ള ജി.എസ്.ടി നിരക്ക് 12ഉം 18ഉം ശതമാനമായി ഉയർന്നു. അവർക്ക് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കഴിച്ചാലും വലിയൊരു നികുതി ഭാരം ഉപഭോക്താക്കളിൽ നിന്നും ഈടാക്കാതെ തരമില്ല എന്ന സ്ഥിതിവിശേഷമാണ്. കേരളത്തിന്റെ ഈ സവിശേഷ സാഹചര്യം ജി.എസ്.ടി കൗൺസിൽ ശക്തമായി ഉന്നയിക്കുകയും എഴുതികൊടുക്കുകയും ചെയ്തിട്ടുണ്ട്. ഈ നികുതി നിരക്ക് ഏറ്റവും ചുരുങ്ങിയത് 5% മായി ചുരുക്കണമെന്നതാണ് കേരളത്തിന്റെ നിലപാട്.

മത്സ്യബന്ധന ഉപകരണങ്ങൾ, ഉണക്കമത്സ്യം, കയർ കൈത്തറി ഉത്പന്നങ്ങൾ, മുള, ചൂരൽ തുടങ്ങിയവ ഉപയോഗിച്ചുള്ള ഫർണിച്ചറുകൾ, റബ്ബർത്തടി ഉപയോഗിച്ചുള്ള പ്ലൈവുഡ്, സാനിട്ടറി നാപ്കിൻ, പ്ലാസ്റ്റിക് സ്ക്രാപ്പ്, വേസ്റ്റ്മാനേജ്മെന്റ് സർവ്വീസ് എന്നിവയുടെയെല്ലാം നിരക്ക് താഴ്ത്തണമെന്നും ചിലത് ഒഴിവാക്കണമെന്നും ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്.

നേരത്തെ ഒടുക്കിയ കേന്ദ്ര എക്സൈസ് നികുതിക്ക് പൂർണ്ണമായും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് രണ്ടാംനിര വ്യാപാരികൾക്ക് ലഭിക്കുന്നതുമായി ബന്ധപ്പെട്ട ആശയക്കുഴപ്പമാണ് മരുന്നു വിപണയിൽ ഉണ്ടായ പ്രശ്നങ്ങൾക്ക് ഒരു പ്രധാനകാരണം. കൂടാതെ, ചികിത്സാ ഉപകരണങ്ങൾ, ഇംപ്ലാന്റ്സ്, ഡയഗ്നോസ്റ്റിക് കിറ്റുകൾ എന്നിവയും നികുതി നിരക്കുകളും ആശയക്കുഴപ്പം സൃഷ്ടിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പരിഹാരം ഉണ്ടാകണമെന്നതാണ് കേരള സർക്കാരിന്റെ നിലപാട്.

സംസ്ഥാനത്തിന് പുറത്തു നിന്നും വാങ്ങുന്ന ചരക്കുകൾക്കും സേവനങ്ങൾക്കും

| | | | |
|---|---|---|---|
| | | | ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാണ്. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ നികുതി നിരക്കിൽ വന്നിട്ടുള്ള കുറവും ഇൻപുട്ട് ടാക്സിന്റെ പ്രയോജനവും കണക്കിലെടുത്ത് അവശ്യവസ്തുക്കൾക്ക് വിലക്കുറവ് ഉണ്ടാകുമൊണ് പ്രതീക്ഷിക്കുന്നത്. ഇത് നിരീക്ഷിക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നതാണ്. ജി.എസ്.ടി.യുടെ മറവിലുള്ള വിലക്കയറ്റം നിയന്ത്രിക്കാനുള്ള ശക്തമായ നടപടികൾ കേന്ദ്ര സർക്കാരും സ്വീകരിക്കണമെന്ന് നിരന്തരമായി ആവശ്യപ്പെടുകയാണ്. |
| (സി) | ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ പല ഉല്പന്നങ്ങളുടേയും വില കുറയുമെന്ന സർക്കാർ വാദം കമ്പോളത്തിൽ പ്രതിഫലിക്കാതിരുന്നത് എന്തുകൊണ്ടാണ്; | (സി) | ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ മിക്കവാറും അവശ്യ ഉല്പന്നങ്ങളുടെ നികുതി കുറയുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ നിലവിലുണ്ടായിരുന്ന സ്റ്റോക്ക് വിറ്റഴിക്കുന്നതിലുണ്ടായ ആശയക്കുഴപ്പം പല സാധനങ്ങളുടെയും വില കുറയാതിരിക്കുന്നതിന് കാരണമായി. ജി.എസ്.റ്റി യിൽ നികുതി ഒഴിവാക്കപ്പെട്ട സാധനങ്ങൾക്കുപോലും കൃത്രിമമായി വിലവർദ്ധനവ് ഉണ്ടാക്കാനുള്ള ശ്രമങ്ങളും ഉണ്ടായി. ആയതിനെ തടയിടുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ഇതിൽ സംസ്ഥാനങ്ങളുടെ അധികാരം പരിമിതമാണ്. |
| (ഡി) | ജി.എസ്.റ്റി. ചട്ടങ്ങൾ രൂപീകരിക്കുന്നതിലും, ജി.എസ്.റ്റി. സംബന്ധിച്ച പ്രശ്നങ്ങളിൽ ക്രിയാത്മക ഇടപെടൽ നടത്തുന്നതിനും നികുതിവകുപ്പിന് കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | (ഡി) | ജി.എസ്.ടി. ചട്ടങ്ങൾ രൂപീകരിക്കുന്നതിലും, ജി.എസ്.റ്റി. സംബന്ധിച്ച പ്രശ്നങ്ങളിൽ ക്രിയാത്മക ഇടപെടൽ നടത്തുന്നതിനും നികുതി വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ വ്യാപാരികളെ ബോധവൽക്കരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് യഥാസമയം മറുപടി നൽകുന്നതിനും വേണ്ട നടപടികൾ ചരക്കുസേവന നികുതി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ജില്ലാ സംസ്ഥാനതലങ്ങളിൽ ചർച്ച ചെയ്ത് സത്വര പരിഹാരം തേടുന്നതിനായി സംസ്ഥാന ജില്ലാതല GST Facilitation Committee രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ